മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ഏപ്രിൽ 7

# വാർത്താക്കുറിപ്പ്

---

## ശാസ്ത്രജ്ഞരുടെ റാങ്കിങ് : പ്രൊഫ. സാബു തോമസിന് ദേശീയതലത്തിൽ രണ്ടാം സ്ഥാനം

ദേശീയതലത്തിൽ ഭൗതിക ശാസ്ത്രത്തിലെ മുൻനിര ശാസ്ത്രജ്ഞരിൽ രണ്ടാം സ്ഥാനം ഉറപ്പിച്ച് മഹാത്മാഗാന്ധി സർവ്വകലാശാല വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്. ദേശീയ ശാസ്ത്ര ഉപദേശക സമിതി അധ്യക്ഷനും ജവഹർലാൽ നെഹ്റു സെന്റർ ഫോർ അഡ്വാൻസ്ഡ് സയിന്റിഫിക് റിസർച്ചിന്റെ സ്ഥാപകനുമായ ഡോ. സി.എൻ.ആർ റാവുവിനാണ് ഒന്നാം സ്ഥാനം. പ്രസിദ്ധീകൃതമായ പ്രബന്ധങ്ങൾ, എച്ച് ഇൻഡക്സ്, സൈറ്റേഷനുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ research.com എന്ന വെബ്സൈറ്റാണ് റാങ്ക് പട്ടിക തയ്യാറാക്കിയത്.

പ്രസിദ്ധീകരിച്ച 1218 പ്രബന്ധങ്ങളും 69828 സൈറ്റേഷനുകളും എച്ച്-ഇൻഡെക്സിൽ 120 പോയിന്റുകളുമാണ് പ്രൊഫ. സാബു തോമസിനുള്ളത്. ഭൗതിക ശാസ്ത്രമേഖലയിൽ ഏറെ വിശ്വസനീയതയും പ്രചാരവുമുള്ള ഒരു റാങ്കിങ് ഏജൻസി കൂടിയാണ് 'റിസർച്ച് ഡോട്ട് കോം'. ലോക റാങ്കിങ്ങിൽ ഈ രംഗത്ത് 239 -ാമത് സ്ഥാനവും പ്രൊഫ. സാബു തോമസ് കരസ്ഥമാക്കിയിട്ടുണ്ട്. ഭൗതിക ശാസ്ത്ര രംഗത്തെ ലോകത്തെ ഏറ്റവും ഉന്നതരായ രണ്ട് ശതമാനം ശാസ്ത്രജ്ഞരിൽ ഒരാൾ എന്ന ബഹുമതിയും അദ്ദേഹത്തിനുണ്ട്.

റോയൽ സൊസൈറ്റി ഓഫ് ലണ്ടന്റെ വിശിഷ്ടാംഗത്വം, പ്രൊഫഷണൽ റിസർച്ചർ, സൈബീരിയൻ ഫെഡറൽ യൂണിവേഴ്സിറ്റിയുടെ ഹോണേഡ് പ്രൊഫസർ, യൂണിവേഴ്സിറ്റി ഓഫ് ജോഹന്നാസ് ബർഗിന്റെ ഡിസ്റ്റിംഗിഷ്ഡ് പ്രൊഫസർ തുടങ്ങിയ ബഹുമതികൾക്കും പ്രൊഫ. സാബു തോമസ് അർഹനായിട്ടുണ്ട്. പോളണ്ട് ആസ്ഥാനമായുള്ള വേൾഡ് അക്കാദമി ഓഫ് മെറ്റീരിയൽസ് ആന്റ് മാനുഫാക്ചറിംഗ് എഞ്ചിനീയറിംഗ്, അസോസിയേഷൻ ഓഫ് കമ്പ്യൂട്ടേഷണൽ മെറ്റീരിയൽ സയൻസ് ആന്റ് സർഫസ്എഞ്ചിനീയറിംഗ് എന്നിവയുടെ ആഭിമുഖ്യത്തിലുള്ള 'ജേണൽ ഓഫ് മെറ്റീരിയൽസ്", 'ആർക്കൈവ്സ് ഓഫ് മെറ്റീരിയൽ സയൻസ് ആന്റ് എഞ്ചിനീയറിംഗ്" എന്നീ പ്രസിദ്ധീകരണങ്ങളുടെ പത്രാധിപ സമിതിയിലേക്കും പ്രൊഫ. സാബു തോമസ് അടുത്തയിടെ തെരഞ്ഞെടുക്കപ്പെട്ടിരുന്നു. ഡോ. എ.പി.ജെ. അബ്ദുൾ കലാം അവാർഡ് ഫോർ സയന്റിഫിക് എക്സലൻസ്, പോളിമർ മേഖലയിലെ മികച്ച ഗവേഷകനുള്ള പ്രൊഫ. സുകുമാർ മെയ്തി ദേശീയ അവാർഡ് എന്നീ ബഹുമതികളുടെ ജേതാവ് കൂടിയാണ് പ്രൊഫ. സാബു തോമസ്.

(പി.ആർ.ഒ./39/427/2022)

## ഇന്നത്തെ (ഏപ്രിൽ 8 ) പരീക്ഷ മാറ്റി

പഞ്ചവത്സര എൽ എൽ ബി - 2020 അഡ്മിഷൻ ഇന്ന് (ഏപ്രിൽ - 8) നടത്തുവാൻ നിശ്ചയിച്ചിരുന്ന ജനറൽ ഇംഗ്ലീഷ് - 1 എന്ന വിഷയത്തിന്റെ പരീക്ഷ ഏപ്രിൽ 27ലേക്ക് മാറ്റി. മറ്റ് പരീക്ഷകൾക്ക് മാറ്റമില്ല.

(പി.ആർ.ഒ./39/428/2022)

## പൊതു പ്രവേശന പരീക്ഷ (സി.എ.റ്റി.) - അപേക്ഷ 25 വരെ

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിലെയും ഇന്റർ സ്കൂൾ സെന്ററിലെയും വിവിധ പ്രോഗ്രാമുകളിലേക്ക് പ്രവേശനത്തിനായി നടത്തുന്ന പൊതു പ്രവേശന പരീക്ഷയ്ക്ക് അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി ഏപ്രിൽ 25 വരെ നീട്ടി. ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുന്നതിനും പ്രവേശന പ്രക്രിയ, പ്രവേശന യോഗ്യത, സീറ്റുകളുടെ എണ്ണം, പ്രവേശന പരീക്ഷ ഷെഡ്യൂൾ, ഫീസ് ഘടന തുടങ്ങിയ വിവരങ്ങൾ www.cat.mgu.ac.in എന്ന വെബ്സൈറ്റിലും 0481 2733595 എന്ന ഫോൺ നമ്പറിലും cat@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിലും ലഭിക്കും.

(പി.ആർ.ഒ./39/429/2022)

## അപേക്ഷാ തീയതി നീട്ടി

മൂന്ന്, നാല് സെമസ്റ്റർ എം.എ./ എം.എസ്.സി./ എം.കോം. - പ്രൈവറ്റ് രജിസ്ട്രേഷൻ (2018, 2017, 2016 അഡ്മിഷൻ - സപ്ലിമെന്ററി / 2015, 2014 അഡ്മിഷൻ - മേഴ്സി ചാൻസ്) പരീക്ഷകൾക്ക് അപേക്ഷിക്കാനുള്ള തീയതി നീട്ടി. പിഴയില്ലാതെ ഏപ്രിൽ 25 വരെയും 525 രൂപ ഫൈനോട്ടു കൂടി ഏപ്രിൽ 28 വരെയും 1050 രൂപ സൂപ്പർഫൈനോട്ടു കൂടി ഏപ്രിൽ 29 നും അപേക്ഷിക്കാം.

(പി.ആർ.ഒ./39/430/2022)

## പരീക്ഷാ ഫലം

2021 ഡിസംബറിൽ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് നടത്തിയ എം.എസ്.സി സൈക്കോളജി (2019-2021 ബാച്ച് - ബിഹേവിയറൽ സയൻസസ് - ഫാക്കൽറ്റി, സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു.

(പി.ആർ.ഒ./39/431/2022)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ